# വ്യത്യസ്ഥ സ്വഭാവം ഉള്ളവരാകുവീൻ

## സംഖ്യ 14:24

"എന്റെ ദാസനായ കാലേബോ, അവനു വേറൊരു സ്വഭാവം ഉള്ളതു കൊണ്ടും എന്നെ പൂർണ്ണമായി അനുസരിച്ചതു കൊണ്ടും അവൻ പോയിരുന്ന ദേശത്തേക്കു ഞാൻ അവനെ എത്തിക്കും. അവന്റെ സന്തതി അതു കൈവശമാക്കും."

യിസ്രായേൽ മക്കൾക്കു ദൈവം കൊടുപ്പാനിരിക്കുന്ന കനാൻ ദേശം ഒറ്റുനോക്കാൻ അയക്കപ്പെട്ട പന്ത്രണ്ടു ഗോത്രത്തലവന്മാരിൽ ഒരാളായിരുന്ന കാലേബിനെ കുറിച്ചാണ് നാം ഇവിടെ കാണുന്നത്. യെഹൂദ ഗോത്രത്തിൽപ്പെട്ട യെഫുന്നയുടെ മകനായിരുന്നു കാലേബ്. കാലേബിന്റെ രണ്ടു പ്രത്യേകതകളാണ് നാം ഇവിടെ കാണുന്നത്. അവന് മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായ ഒരു സ്വഭാവം ഉണ്ടായിരുന്നു. അതു പോലെ ദൈവത്തെ പൂർണ്ണമായി അനുസരിക്കുന്നവനും, വിശ്വസിക്കുന്നവനും ആയിരുന്നു. അതുവരെ നടത്തിയ ദൈവത്തെ കനാൻ ദേശത്തിന്റെ വാതിൽക്കൽ വരെ എത്തി നിൽക്കുമ്പോഴും യിസ്രായേൽ മക്കൾ മറന്നു പോയി. അവരൊക്കെ ശത്രുവിന്റെ ശക്തിയെ കണ്ട് പകച്ചു പോയപ്പോൾ കാലേബും യോശുവയും മാത്രം ഈ ദൈവത്തിൽ ആശ്രയിച്ചു കൊണ്ട് ഇപ്രകാരം പറഞ്ഞു, "യഹോവ നമ്മിൽ പ്രസാദിക്കുന്നു എങ്കിൽ അവൻ നമ്മെ പാലും തേനും ഒഴുകുന്ന ആ ദേശത്തേക്കു കൊണ്ടു ചെന്ന് നമുക്ക് അത് തരും." (സംഖ്യ 14:8).

ഇവിടെയാണ് കാലേബ് വേറൊരു സ്വഭാവം ഉള്ളവനായി തീരുന്നത്. അവന്റെ കാഴ്ചയും കാഴ്ചപ്പാടും വ്യത്യസ്തമായിരുന്നു. ദേശം ഒറ്റുനോക്കാൻ പോയ മറ്റു പത്ത് ഗോത്രത്തലവന്മാർക്ക് അനാക്യ മല്ലന്മാരെയും, അതികായകരായ ജനത്തെയും മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ. അവരുടെ മുമ്പിൽ സ്വയം അവർക്ക് തങ്ങളെ വെട്ടുക്കിളികളെ പോലെ തോന്നി. ആ നിമിഷംവരെയും തങ്ങളെ നടത്തിയ ദൈവശക്തിയും ദൈവസാന്നിദ്ധ്യവും അവർ മറന്നു പോയി. അതുകൊണ്ടു തന്നെ കാലേബും യോശുവയും അല്ലാതെ മറ്റാരും അവരുടെ വാഗ്ദത്ത ദേശം സ്വന്തമാക്കിയില്ല. ഒരു കാൽചുവടു അരികെയായിരുന്ന വാഗ്ദത്ത ദേശത്തു നിന്ന് അവർ വീണ്ടും മരുഭൂമിയിൽ അലഞ്ഞു നടന്നു. അവരെല്ലാം മരുഭൂമിയിൽ പട്ടു പോയി. അവരുടെ അടുത്ത തലമുറ മാത്രം ദേശം അവകാശമാക്കി.

ഇന്ന് നമ്മുടെ ജീവിതവും ഇതുപോലെയല്ലേ എന്ന് നാം ചിന്തിച്ചു നോക്കുക. ലോകത്തിൽ ആയിരിക്കുമ്പോൾ തന്നെ ചിലർ വ്യത്യസ്തമായ കാഴ്ചപ്പാടോടും

സ്വഭാവത്തോടും കൂടി ദൈവത്തിൽ ആശ്രയിച്ച്, അനുസരിച്ച് ജീവിച്ച് വാഗ്ദത്ത ദേശം കൈവശമാക്കാനായി കാത്തിരിക്കുന്നു. എന്നാൽ പലപ്പോഴും യിസ്രായേൽ മക്കളെ പോലെ നാമും നമ്മെ നടത്തിയ ദൈവകരങ്ങളെ നമ്മുടെ പ്രതിസന്ധികളുടെ നടുവിൽ മറന്നു പോകാറില്ലേ? ശത്രുവിന്റെ മുമ്പിൽ നമ്മെ നിസ്സാരമായി കാണാറില്ലേ.? നാം ദൈവത്തിന്റെ കരവേലയണെന്നും അവൻ നമ്മെ എത്തേണ്ട ഇടത്തു എത്തിക്കും എന്ന് വിശ്വസിക്കാൻ കഴിയാത്തവരല്ലേ നമ്മൾ. പലപ്പോഴും പിറുപിറുപ്പും പരാതിയുമായി നാമും ദൈവത്തെ പരീക്ഷിക്കയും ദൈവം പറയുന്നത് കൂട്ടാക്കാതിരിക്കയും ചെയ്യുന്നവരല്ലേ? അങ്ങനെയെങ്കിൽ വചനം പറയുന്നു "അവരുടെ പിതാക്കന്മാരോട് ഞാൻ സത്യം ചെയ്തിട്ടുള്ള ദേശം അവർ കാണുകയില്ല" (സംഖ്യ 14:23). നമുക്ക് നമ്മെ തന്നെ ഒന്നു ശോധന ചെയ്തു നോക്കാം. കാലേബിനെയും യോശുവയെയും പോലെ പ്രതിസന്ധികളിൽ ദൈവത്തിൽ ആശ്രയിക്കാനും വ്യത്യസ്തരായി ചിന്തിക്കാനും കഴിഞ്ഞാൽ നാമും ലോകത്തിന്റെ മുമ്പിലും ദൈവത്തിന്റെ സന്നിധിയിലും വ്യത്യസ്തരായും നമുക്കായി ഒരുക്കിയതു പ്രാപിപ്പാനും സാധിക്കും. അതിനായി നമുക്ക് പ്രാർത്ഥിക്കാം.

പരാമർശം :

സംഖ്യാ 32:11–12

കെനിസ്യനായ യെഫുന്നെയുടെ മകൻ കാലേബും നൂന്റെ മകൻ യോശുവയും യഹോവയോടു പൂർണ്ണമായി പറ്റിനിന്നതുകൊണ്ടു അവരല്ലാതെ മിസ്രയീമിൽനിന്നു പോന്നവരിൽ ഇരുപതു വയസ്സുമുതൽ മേലോട്ടുള്ള ഒരുത്തനും ഞാൻ അബ്രാഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും സത്യം ചെയ്ത ദേശത്തെ കാണുകയില്ല; അവർ എന്നോടു പൂർണ്ണമായി പറ്റി നിൽക്കായ്കകൊണ്ടു തന്നേ.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 070